# Ayyappa Sangamam– 20.09.2025

## ശബരിമല ക്ഷേത്രം മതാതീത ആത്മീയതയുടെ ആരാധനാലയം: മുഖ്യമന്ത്രി പിണറായി വിജയൻ

- ആഗോള അയ്യപ്പ സംഗമം മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തു

പുനലൂർ: മതാതീത ആത്മീയതയെ ഉദ്ഘോഷിക്കുന്ന, എല്ലാ മനുഷ്യർക്കും ഒരുപോലെ പ്രാപ്തമായ ആരാധനാലയമാണ് ശബരിമല ക്ഷേത്രമെന്നും ആ നിലയ്ക്ക് തന്നെ ശക്തിപ്പെടുത്തേണ്ടതുണ്ടെന്നും മുഖ്യമന്ത്രി പിണറായി വിജയൻ. ശബരിമലയുടെ സമഗ്ര വികസനം ലക്ഷ്യമിട്ട് പമ്പാ മണപ്പുറത്ത് സംഘടിപ്പിച്ച ആഗോള അയ്യപ്പ സംഗമം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി.

ശബരിമലയുടെ മതാതീത ആത്മീയത അത്യപൂർവതയാണ്. അതു ലോകത്തിനുമുന്നിൽ കൊണ്ടുവരിക എന്നതു പ്രധാനമാണ്. അതിനുതകുന്ന വിധത്തിൽ ശബരിമലയുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തണം. മധുര- തിരുപ്പതി മാതൃകയിൽ ശബരിമലയെ തീർത്ഥാടക ഭൂപടത്തിൽ ശ്രദ്ധേയ കേന്ദ്രമാക്കി ലോകത്തിനുമുമ്പിൽ അവതരിപ്പിക്കുക അയ്യപ്പ സംഗമത്തിന്റെ ലക്ഷ്യമാണ്.

തീർത്ഥാടകർക്ക് എന്താണ് വേണ്ടത് എന്നത് സർക്കാരോ ദേവസ്വം ബോർഡോ ഏകപക്ഷീയമായി സങ്കൽപിച്ച് നടപ്പിലാക്കുകയല്ല വേണ്ടത്. ഭക്തജനങ്ങളിൽ നിന്നുതന്നെ മനസ്സിലാക്കി വേണ്ടതു ചെയ്യണം. ഈ ബോധ്യത്തോടെയാണ് തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്ലാറ്റിനം ജൂബിലിയോട് അനുബന്ധിച്ച് ഇങ്ങനെയൊരു സംഗമം നടത്തുന്നത്. വർഷങ്ങൾ നീണ്ട ആലോചനയ്ക്കും ചർച്ചകൾക്കും ശേഷമാണ് ഇത്തരമൊരു പരിപാടിയിലേക്ക് എത്തിയത്.

ഓരോ വർഷവും ശബരിമലയിൽ എത്തുന്ന തീർത്ഥാടകരുടെ വർദ്ധനയ്ക്കനുസരിച്ച് സുഗമമായ യാത്രാസൗകര്യം, പാർക്കിങ്ങ്, ശുദ്ധജലലഭ്യത, സാനിറ്റേഷൻ സംവിധാനങ്ങൾ, വിശ്രമ കേന്ദ്രങ്ങൾ, ചികിത്സാ സൗകര്യങ്ങൾ എല്ലാം വേണം. ഇവ പ്രകൃതിയുടെ മനോഹാരിതയ്ക്ക് കോട്ടം തട്ടാതെയും, പരിസ്ഥിതിക്ക് പോറലേൽപ്പിക്കാതെയും ആവണം. എരുമേലി അടക്കമുള്ള സമീപപ്രദേശങ്ങളും ഇതിന്റെ ഭാഗമായി വികസിപ്പിക്കണം.

2050 വരെയുള്ള വികസന സാധ്യതകൾ മുന്നിൽക്കണ്ടാണ് കാര്യങ്ങൾ നീക്കുന്നത്. ശബരിമല, പമ്പ, പരമ്പരാഗത പാത, നിലയ്ക്കൽ എന്നിവയുടെ സമഗ്ര വികസനമാണ് മാസ്റ്റർപ്ലാൻ ലക്ഷ്യമിടുന്നത്. 2022–2027 വരെയുള്ള ആദ്യ ഘട്ടത്തിന് 600.47 കോടി രൂപയും, 2028–2033 വരെയുള്ള രണ്ടാം ഘട്ടത്തിന് 100.02 കോടി രൂപയും 2034–2039 വരെയുള്ള മൂന്നാം ഘട്ടത്തിന് 77.68 കോടി രൂപയും ഉൾപ്പെടെ, ആകെ 778.17 കോടി രൂപയാണ് ലേ ഔട്ട് പ്ലാൻ പ്രകാരം ചെലവ് കണക്കാക്കിയിരിക്കുന്നത്.



ട്രാൻസിറ്റ് ക്യാമ്പായിട്ടാണ് പമ്പയെ ലേ ഔട്ട് പ്ലാനിൽ വിഭാവനം ചെയ്തിട്ടുള്ളത്. തീർത്ഥാടകർക്ക് സന്നിധാനത്തേക്ക് കയറുന്നതിനും സന്നിധാനത്തു നിന്നു തിരിച്ചിറങ്ങുന്നതിനും

ഒരു പ്രത്യേക സർക്കുലേഷൻ റൂട്ട് പിന്തുടരുന്നുവെന്ന് ഉറപ്പാക്കി അതുവഴി ഭാവിയിൽ ഉണ്ടായേക്കാവുന്ന തിരക്ക് ഒഴിവാക്കുവാനുതകുന്ന രീതിയാണ് അവലംബിച്ചിരിക്കുന്നത്. പമ്പയുടെ വികസനത്തിനായി 2022–2027 വരെയുള്ള ആദ്യ ഘട്ടത്തിന് 184.75 കോടി രൂപയും 2028–2033 വരെയുള്ള രണ്ടാം ഘട്ടത്തിന് 22.73 കോടി രൂപയും ഉൾപ്പെടെ ആകെ 207.48 കോടി രൂപയും, ട്രെക്ക് റൂട്ടിന്റെ വികസനത്തിനായി 2022–2025 വരെയുള്ള ആദ്യ ഘട്ടത്തിന് 32.88 കോടി രൂപയും 2024–2026 വരെയുള്ള രണ്ടാം ഘട്ടത്തിന് 15.09 കോടി രൂപയും ഉൾപ്പെടെ ആകെ 47.97 കോടി രൂപയുമാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്. സന്നിധാനം, പമ്പ, ട്രെക്ക് റൂട്ട് എന്നിവയുടെ വികസനത്തിനായി ലേ ഔട്ട് പ്ലാനുകൾ പ്രകാരം ആകെ ചെലവ് കണക്കാക്കുന്നത് 1,033.62 കോടി രൂപയാണ്.

പമ്പ ഗണപതിക്ഷേത്രം മുതൽ പമ്പ ഹിൽടോപ്പ് വരെ പമ്പാ നദിക്കുകുറുകെ നിർമ്മിക്കുന്ന സുരക്ഷാപാലം, നിലയ്ക്കൽ ഇടത്താവളത്തിലെ കോർ ഏരിയയുടെ വികസനം. കുന്നാറിൽ നിന്നും ശബരിമല സന്നിധാനത്തേക്കുള്ള കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കൽ, നിലയ്ക്കൽ ഇടത്താവളത്തിലെ റോഡുകളുടെയും അനുബന്ധ പാലങ്ങളുടെയും നിർമ്മാണം, ശബരിമല സന്നിധാനത്തെ തീർത്ഥാടന സൗകര്യ കേന്ദ്രം, തന്ത്രിമഠം, പ്രസാദ നിർമ്മാണ–വിതരണ സമുച്ചയം എന്നിവയുടെ നിർമ്മാണം, ശബരിമല സന്നിധാനത്ത് അഗ്നിശമന സംവിധാനങ്ങൾ ഏർപ്പെടുത്തുന്ന പ്രവൃത്തി, കൂടാതെ ശബരിമല സന്നിധാനത്തെ തീർത്ഥാടക നിർഗമന പാലം, നിലയ്ക്കൽ ഇടത്താവളത്തിലെ ജലസ്രോതസ്സുകളുടെ സംരക്ഷണവും പരിപാലനവും എന്നിവയ്ക്കായി വിശദമായ പദ്ധതിരേഖ തയ്യാറാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരികയാണ്.

ഇത്തരം കാര്യങ്ങളെപ്പറ്റി ഒരു തുറന്ന ചർച്ച നടത്തുന്നതിൽ, ശബരിമലയുടെ വികസനം ആഗ്രഹിക്കുന്നവർ എതിർക്കേണ്ട കാര്യമില്ല. എതിർക്കുന്നവരുടെ ഉള്ളിലിരുപ്പ് എന്താണെന്ന് ഊഹിക്കാവുന്നതേയുള്ളൂ. എല്ലാവരുടേയും അഭിപ്രായങ്ങൾ കേട്ടും, അവരെ ഉൾക്കൊണ്ടും, അവരെയെല്ലാം ചേർത്തുപിടിച്ചുമാണ് നമ്മൾ ശബരിമലയുടെ വികസനം

ഉറപ്പാക്കുന്നതെന്നും ഈ കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിൽ തന്നെയാണ് അയ്യപ്പസംഗമം നടത്തുന്നതെന്നും മുഖ്യമന്ത്രി പറഞ്ഞു.

ക്ഷേത്രഭരണം വിശ്വാസികൾക്ക് വിട്ടുകൊടുത്ത് സർക്കാർ പിന്മാറണം എന്ന വാദം ചില കോണുകളിൽ നിന്നുയരുന്നുണ്ട്. ആരും നോക്കാനില്ലാതെ നാശോന്മുഖമാകുന്ന നില വന്നപ്പോഴാണ് ബോർഡുകളും മറ്റ് ഭരണസംവിധാനങ്ങളും നിലവിൽ വന്നത്. അതോടെയാണ് തകർച്ചയിലായ ഒരുപാട് ക്ഷേത്രങ്ങൾ ഉദ്ധരിക്കപ്പെട്ടത്. ക്ഷേത്ര ജീവനക്കാർക്കു കൃത്യമായി ശമ്പളം ഉറപ്പായത്.



2019 ലെ കോവിഡ് മഹാമാരിയുടെ സാഹചര്യത്തിൽ ദേവസ്വം ബോർഡിന്റെ ദൈനംദിന പ്രവർത്തനങ്ങൾ പോലും വിഷമത്തിലായ ഘട്ടത്തിൽ 140 കോടി രൂപയുടെ ധനസഹായമാണ് സർക്കാർ ബോർഡിനു നൽകിയത്. മരാമത്ത് പണികൾക്കായി 123 കോടി രൂപയും ലഭ്യമാക്കി. ഇത്തരം സത്യങ്ങൾ പലരും കണ്ടില്ലെന്നു നടിക്കുന്നു. ക്ഷേത്രങ്ങൾ വിശ്വാസികൾക്ക് വിട്ടുകൊടുക്കണമെന്നു പറയുന്നവർ സർക്കാർ സഹായമില്ലാത്ത പഴയകാല ദുരിതാവസ്ഥയിലേക്കു

ക്ഷേത്രങ്ങൾ തിരിച്ചുപോകണം എന്നാണോ ആഗ്രഹിക്കുന്നത് എന്നു വിശ്വാസികൾ തിരിച്ചു ചോദിക്കണം. ദേവസ്വം ബോർഡിന്റെ വരുമാനം സർക്കാർ കൈക്കലാക്കുന്നുവെന്ന വ്യാജപ്രചാരണം ചിലർ ഇപ്പോഴും നടത്തുന്നുണ്ട്. സർക്കാർ ഒരു പൈസ പോലും എടുക്കുന്നില്ലെന്നു മാത്രമല്ല, ദേവസ്വം ബോർഡിന് സർക്കാർ അങ്ങോട്ടു പണം നൽകുക കൂടി ചെയ്യുന്നു. അതുകൊണ്ടാണ് താരതമ്യേന തുച്ഛവരുമാനം മാത്രമുള്ള എത്രയോ ക്ഷേത്രങ്ങളിൽ ഇന്നും അന്തിത്തിരി തെളിയുന്നത്. അവിടങ്ങളിലെ ക്ഷേത്ര ജീവനക്കാർ പട്ടിണിയിലാകാത്തത്.

ശബരിമല മാസ്റ്റർ പ്ലാൻ പ്രവൃത്തികൾ ആരംഭിച്ച 2011-2012 മുതൽ നാളിതുവരെ 148.5 കോടിയോളം രൂപ സർക്കാർ വിവിധ വികസന പദ്ധതികൾക്കായി ചെലവഴിച്ചിട്ടുണ്ട്. 2016-17 മുതൽ 2025 വരെ, ദേവസ്വം സ്ഥാപനങ്ങളുടെ ആധുനികവത്ക്കരണത്തിനും വികസനത്തിനുമായി ആകെ 650 കോടിയോളം രൂപയാണ് സർക്കാർ അനുവദിച്ചത്. തിരുവിതാംകൂർ ദേവസ്വം ബോർഡിന് 145 കോടി രൂപ, കൊച്ചിൻ ദേവസ്വം ബോർഡിന് 26 കോടി രൂപ, മലബാർ ദേവസ്വം ബോർഡിന് 305 കോടി രൂപ, കൂടൽമാണിക്യം ദേവസ്വത്തിന് 4 കോടി രൂപ, ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന് 21 കോടി രൂപ, ശ്രീപദ്മനാഭ സ്വാമി ക്ഷേത്രത്തിന് മൂന്നരക്കോടി രൂപ, ഹിന്ദുധർമ്മ സ്ഥാപന ഭരണ വകുപ്പിന് 28 കോടി രൂപ എന്നിങ്ങനെയാണ് ദേവസ്വം ബോർഡുകൾക്കും അനുബന്ധ സ്ഥാപനങ്ങൾക്കും അനുവദിച്ച തുക. കഴിഞ്ഞ നാലര വർഷത്തിലായി ദേവസ്വം ബോർഡുകൾക്കും അനുബന്ധ സ്ഥാപനങ്ങൾക്കുമായി 232 കോടി രൂപയാണ് അനുവദിച്ചത്. ഇങ്ങനെ സർക്കാർ അങ്ങോട്ടു കൊടുക്കുന്നത് കാണാതെയാണ് സർക്കാർ പണം കൊണ്ടുപോവുകയാണ് എന്ന് ആക്ഷേപിക്കുന്നത്.

സമാനമായ കള്ളപ്രചാരവേലയാണ് സർക്കാർ ന്യൂനപക്ഷസംഗമവും നടത്താൻ പോകുന്നു എന്നത്. ഐക്യകേരള രൂപീകരണത്തിന്റെ പ്ലാറ്റിനം ജൂബിലി വർഷമായ 2031ൽ കേരളം എങ്ങനെയൊക്കെ വികസിച്ചു മുന്നോട്ടുപോകണം എന്നതിനെപ്പറ്റി സർക്കാർ ആലോചിക്കുന്നുണ്ട്. ഇതിനോടനുബന്ധിച്ച് കേരളത്തിന്റെ

ഇതുവരെയുള്ള വികസന പ്രവർത്തനങ്ങൾ വിലയിരുത്തുകയും, അതിന്റെ അടിസ്ഥാനത്തിൽ ഭാവിപ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയും ചെയ്യുന്നതിനായി ഒക്ടോബർ മാസത്തിൽ വിവിധ വകുപ്പുകളുടെ ആഭിമുഖ്യത്തിൽ 33 സെമിനാറുകൾ നടത്തുന്നുണ്ട്. ഓരോ വകുപ്പിന്റെയും ചുമതലയുള്ള മന്ത്രിയുടെ നേതൃത്വത്തിലായിരിക്കും ഈ സെമിനാറുകൾ നടത്തുക. 33 സെമിനാറുകളിൽ ഒന്നു മാത്രമാണ് ന്യൂനപക്ഷ വകുപ്പിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്നത്. എന്നാൽ, അതുമാത്രം അടർത്തിയെടുത്ത് വസ്തുതാവിരുദ്ധമായി പ്രചാരണം നടത്തി ജനങ്ങളെ തെറ്റിദ്ധരിപ്പിക്കാനാകുമോ എന്നാണ് ഒരു കൂട്ടരുടെ ശ്രമമെന്നും മുഖ്യമന്ത്രി പറഞ്ഞു.

ദേവസ്വം, സഹകരണം, തുറമുഖം വകുപ്പ് മന്ത്രി വി എൻ വാസവൻ അധ്യക്ഷനായ ചടങ്ങിൽ തമിഴ്നാട് ഹിന്ദുമത ചാരിറ്റബിൾ എൻഡോവ്മെന്റ് വകുപ്പ് മന്ത്രി പി കെ ശേഖർ ബാബു, ഐടി വകുപ്പ് മന്ത്രി പളനിവേൽ ത്യാഗരാജൻ എന്നിവർ പ്രത്യേക ക്ഷണിതാക്കളായി പങ്കെടുത്തു.

മന്ത്രിമാരായ പി.പ്രസാദ്, റോഷി അഗസ്റ്റിൻ, കെ കൃഷ്ണൻ കുട്ടി, എ കെ ശശീന്ദ്രൻ, വീണാ ജോർജ്, സജി ചെറിയാൻ, സർക്കാർ ചീഫ് വിപ്പ് ഡോ. എൻ ജയരാജ്, എംഎൽഎമാരായ കെ യു ജനീഷ് കുമാർ, പ്രമോദ് നാരായൺ, കടകംപള്ളി സുരേന്ദ്രൻ, കെ.ടി. ജലീൽ, ദേവസ്വം ബോർഡ് പ്രസിഡന്റ് പി എസ് പ്രശാന്ത്, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ജോർജ് എബ്രഹാം, റവന്യൂ – ദേവസ്വം സെക്രട്ടി എം.ജി രാജമാണിക്യം, ജില്ലാ കളക്ടർ എസ് പ്രേം കൃഷ്ണൻ, പത്തനംതിട്ട നഗരസഭ ചെയർമാൻ ടി.സക്കീർ ഹുസൈൻ, റാന്നി പെരുനാട് പഞ്ചായത്ത് പ്രസിഡന്റ് പി.എസ് മോഹനൻ, ശബരിമല തന്ത്രി കണ്ഠരര് മഹേഷ് മോഹനര്, തിരുവിതാംകൂർ ദേവസ്വം ബോർഡ് അംഗങ്ങളായ അഡ്വ. എ അജികുമാർ, പി ഡി സന്തോഷ് കുമാർ, മുൻ ചീഫ് സെക്രട്ടറി കെ. ജയകുമാർ, എസ്എൻഡിപി യോഗം ജനറൽ സെക്രട്ടറി വെള്ളാപ്പള്ളി നടേശൻ, നായർ സർവീസ് സൊസൈറ്റി വൈസ് പ്രസിഡന്റ് എം. സംഗീത് കുമാർ, കേരള പുലയർ മഹാസഭ ജനറൽ സെക്രട്ടറി പുന്നല ശ്രീകുമാർ, കേരള ബ്രാഹ്മണ സഭ പ്രതിനിധി കരിമ്പുഴ രാമൻ, വ്യവസായി ഗോകുലം ഗോപാലൻ, സംഗീതജ്ഞരായ കൈതപ്രം ദാമോദരൻ

നമ്പൂതിരി, കെ. ഓമനക്കുട്ടി തുടങ്ങിയവർ പങ്കെടിത്തു. മുഖ്യമന്ത്രി പിണറായി വിജയന് ദേവസ്വം, സഹകരണം, തുറമുഖം വകുപ്പ് മന്ത്രി വി എൻ വാസവനും ദേവസ്വം ബോർഡ് പ്രസിഡന്റും ചേർന്നു തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ഉപഹാരവും സമ്മാനിച്ചു.

## ശബരി റെയിൽ: സംസ്ഥാന സർക്കാർ പകുതിച്ചെലവ് വഹിക്കും; മറിച്ചുള്ള പ്രചാരണങ്ങൾ വാസ്തവ വിരുദ്ധം

ശബരി റെയിൽ പാതയുടെ പകുതി ചെലവ് സംസ്ഥാന സർക്കാർ വഹിക്കുമെന്നും മറിച്ചുള്ള പ്രചാരണങ്ങൾ വസ്തുതാ വിരുദ്ധമാണെന്നും മുഖ്യമന്ത്രി പിണറായി വിജയൻ. പൂർണ്ണമായും ചെലവ് വഹിക്കേണ്ടത് കേന്ദ്രസർക്കാർ ആണെങ്കിലും ശബരി റെയിൽപാത പ്രധാനപ്പെട്ട പദ്ധതി എന്ന നിലയിലാണ് സംസ്ഥാന സർക്കാർ പകുതി ചെലവ് നിർവഹിക്കാൻ തയ്യാറായതെന്നും പമ്പാ മണപ്പുറത്ത് ആഗോള അയ്യപ്പ സംഗമം ഉദ്ഘാടനം ചെയ്തുകൊണ്ട് മുഖ്യമന്ത്രി പറഞ്ഞു.

റെയിൽപാതയുടെ പ്രാധാന്യം മനസ്സിലാക്കിക്കൊണ്ടുള്ള ഇടപെടലുകളാണ് സംസ്ഥാന സർക്കാർ നടത്തുന്നത്. റെയിൽവേ മന്ത്രാലയവുമായി ഏറ്റവും ഒടുവിൽ നടത്തിയ ചർച്ചയിലും 50 ശതമാനം ചെലവ് സർക്കാർ വഹിക്കുമെന്ന് അറിയിച്ചിരുന്നു. വസ്തുതകൾ ഇതായിരിക്കേ തീർത്തും തെറ്റായ കാര്യങ്ങളാണ് പ്രചരിപ്പിക്കുന്നത്. ഒരടിസ്ഥാനമില്ലാത്ത വാർത്തകൾ പച്ച നുണയായി പ്രചരിപ്പിക്കുകയാണ്.

ശബരിമല വിമാനത്താവളത്തിന് ഈ വർഷം ഡിസംബറോടെ എല്ലാ അനുമതികളും ലഭ്യമാകും എന്നാണ് കരുതുന്നത്. അടുത്ത വർഷത്തോടെ സ്ഥലമേറ്റെടുപ്പ് പൂർത്തിയാക്കി വിമാനത്താവളം നിർമ്മാണ പ്രവൃത്തികളിലേക്ക് കടക്കാനാകും എന്ന് പ്രതീക്ഷിക്കുന്നു. ശബരിമല റോപ് വേയുടെ കാര്യത്തിലും കാര്യമായ പുരോഗതി നേടാനായെന്നു മുഖ്യമന്ത്രി പറഞ്ഞു.

## ആഗോള അയ്യപ്പ സംഗമത്തിലെ നിർദ്ദേശങ്ങൾ ചർച്ച ചെയ്യാൻ 18 അംഗ സമിതി: മന്ത്രി വി.എൻ. വാസവൻ

ആഗോള അയ്യപ്പ സംഗമത്തിൽ ഉയർന്ന നിർദ്ദേശങ്ങൾ ചർച്ച ചെയ്തു നടപടി സ്വീകരിക്കാൻ ദേവസ്വം മന്ത്രി ചെയർമാനായി 18 അംഗ സമിതിയെ നിയോഗിക്കുമെന്ന് സഹകരണ തുറമുഖ ദേവസ്വം വകുപ്പ് മന്ത്രി വി എൻ വാസവൻ. പമ്പാ മണപ്പുറത്ത് ആഗോള അയ്യപ്പ സംഗമത്തിന്റെ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. നിർദ്ദേശങ്ങൾ കമ്മറ്റി പരിശോധിച്ചു ബഹുജന സമക്ഷം അവതരിപ്പിച്ചശേഷം ആയിരിക്കും ഭാവി നടപടികൾ സ്വീകരിക്കുക എന്നും മന്ത്രി പറഞ്ഞു. ദേവസം സെക്രട്ടറി കൺവീനറായും ദേവസ്വം ബോർഡ് പ്രസിഡൻറ്, അംഗങ്ങൾ, ചർച്ചയിൽ പങ്കെടുത്ത വിദഗ്ധർ തുടങ്ങിയവർ അംഗങ്ങളായും ആയിരിക്കും കമ്മറ്റി പ്രവർത്തിക്കുക.

വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ലഭിച്ചാലുടൻ റോപ് വേ നിർമ്മാണത്തിനുള്ള നടപടികൾ ആരംഭിക്കുമെന്നും മന്ത്രി വി. എൻ വാസവൻ പറഞ്ഞു.

ആഗോള അയ്യപ്പ സംഗമം കൊണ്ട് എന്താണോ ലക്ഷ്യമിട്ടത് അത് അർത്ഥപൂർണമാക്കാൻ സംഘാടനം കൊണ്ടും പങ്കാളിത്തം കൊണ്ടും സാധിച്ചതായി മന്ത്രി പറഞ്ഞു.

പ്രമോദ് നാരായണൻ എംഎൽഎ ചടങ്ങിൽ അധ്യക്ഷത വഹിച്ചു. പുരാവസ്തു രജിസ്ട്രേഷൻ വകുപ്പ് മന്ത്രി കടന്നപ്പള്ളി രാമചന്ദ്രൻ വിശിഷ്ടാതിഥിയായിരുന്നു.

മൂന്ന് സമാന്തര സെഷനുകളായി നടന്ന ചർച്ചകളിൽ ഉരുത്തിരിഞ്ഞ ആശയങ്ങളുടെ സംക്ഷിപ്തരൂപം പ്രധാനമന്ത്രിയുടെ മുൻ ഉപദേഷ്ടാവ് ടി കെ എ നായർ, റവന്യൂ – ദേവസ്വം സെക്രട്ടി എം.ജി രാജമാണിക്യം,

ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി ഡയറക്ടർ പ്രൊഫസർ സുജിത് കുമാർ എന്നിവർ അവതരിപ്പിച്ചു.

കെ. യു ജനീഷ് കുമാർ, പ്രമോദ് നാരായൺ, ദേവസ്വം ബോർഡ് പ്രസിഡന്റ് പി എസ് പ്രശാന്ത്, ജില്ലാ കളക്ടർ എസ്. പ്രേം കൃഷ്ണൻ, റാന്നി പെരുനാട് പഞ്ചായത്ത് പ്രസിഡന്റ് പി.എസ് മോഹനൻ, തിരുവിതാംകൂർ ദേവസ്വം ബോർഡ് അംഗങ്ങളായ അഡ്വ. എ അജികുമാർ, അഡ്വ. പി.ഡി. സന്തോഷ് കുമാർ എന്നിവർ പ്രസംഗിച്ചു.

## ആഗോള അയ്യപ്പ സംഗമം: തീർത്ഥാടകരുടെ തിരക്ക് നിയന്ത്രിക്കാനും സുഗമമായ ദർശനത്തിനും ക്രിയാത്മക നിർദ്ദേശങ്ങൾ

ശബരിമലയിൽ വരുംവർഷങ്ങളിൽ പ്രതിദിന തീർത്ഥാടന സംഖ്യ മൂന്ന് ലക്ഷത്തിലെത്തുന്ന സാഹചര്യം മുൻകൂട്ടി കണ്ട് സുരക്ഷാ ക്രമീകരണങ്ങൾ ശക്തിപ്പെടുത്തുന്ന നടപടി വേഗത്തിലാക്കണമെന്ന് നിർദേശം.

ശബരിമലയുടെ സമഗ്ര വികസനം ലക്ഷ്യമിട്ട് പമ്പ മണപ്പുറത്ത് സംഘടിപ്പിച്ച ആഗോള അയ്യപ്പ സംഗമത്തിന്റെ ഭാഗമായി

ആൾക്കൂട്ട നിയന്ത്രണവും തയ്യാറെടുപ്പുകളും എന്ന വിഷയത്തിൽ സംഘടിപ്പിച്ച ചർച്ചയിലാണ് തിരക്ക് നിയന്ത്രിക്കാൻ ക്രിയാത്മക നിർദേശങ്ങൾ ഉയർന്നത്. മുൻ ഡിജിപി ജേക്കബ് പുന്നൂസ് സംഗമത്തിന്റെ മൂന്നാം വേദിയായ ശബരിയിൽ നടന്ന ചർച്ചയിൽ മോഡറേറ്ററായി. രണ്ടു ലക്ഷത്തോളം ഭക്തജനങ്ങൾ എത്തുന്ന ശബരിമലയുടെ ഭൂമിശാസ്ത്ര പ്രത്യേകതകൾ കൂടി കണക്കിലെടുത്തു വേണം സുരക്ഷ സംവിധാനങ്ങൾ ശക്തമാക്കേണ്ടത്. നിർമിത ബുദ്ധി ഉൾപ്പെടയുള്ള ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് ഓരോ തീർത്ഥാടകരും സന്നിധാനത്ത് ചിലവഴിക്കുന്ന സമയം കണ്ടെത്തി അതിന്റെ അടിസ്ഥാനത്തിൽ തിരക്ക് നിയന്ത്രിക്കാൻ പദ്ധതി തയ്യാറാക്കണം. വെർച്വൽ ക്യൂ സംവിധാനം വാഹനങ്ങളുടെ പാർക്കിങ്ങിനും കാൽനടയായി സന്നിധാനത്ത് എത്തുന്നുവരുടെ തിരക്ക് ക്രമീകരിക്കുന്നതിനും ഉപയോഗിക്കാം. സ്ഥലപരിമിതി ഉള്ളതിനാൽ ശബരിമലയിൽ പുതിയ ശൈലിയിൽ കെട്ടിട നിർമാണം നടത്തണം. താഴത്തെ നില പാർക്കിങ്ങിനായി ഒരുക്കണം. പല തലങ്ങളിലുള്ള ക്യു സംവിധാനം, ഫെറി സംവിധാനം എന്നിവ നടപ്പാക്കണമെന്നും അദ്ദേഹം പറഞ്ഞു.

തുടർന്ന് വിഷയാവതരണം നടത്തിയ പോലീസ് ഹെഡ്ക്വാർട്ടേഴ്സ് എ.ഡി.ജി.പി എസ് ശ്രീജിത്ത് ഓരോ മിനിറ്റിലും 15 തീർത്ഥാടകർ വരെ പമ്പയിലൂടെ കടന്നു പോകുന്നുവെന്നും

തിരക്ക് നിയന്ത്രിക്കാൻ മെച്ചപ്പെട്ട സാങ്കേതികവിദ്യ ഉറപ്പാക്കണമെന്നും വ്യക്തമാക്കി. നിലവിൽ തീർത്ഥാടകരുടെ സംശയനിവാരണത്തിന് സ്വാമി ചാറ്റ്ബോട്ട് എന്ന സംവിധാനമുണ്ട്. 6238008000 എന്ന നമ്പറിൽ വിളിച്ചാൽ ഈ സേവനം ലഭ്യമാകും. കൂട്ടം തെറ്റുന്ന കുട്ടികളെ കണ്ടെത്താൻ സ്മാർട്ട് ഡിജിറ്റൽ റിസ്റ്റ് ബാൻഡ്, ഫേഷ്യൽ റെക്കഗ്നിഷൻ സാങ്കേതികവിദ്യ, ഒറ്റ തവണ മാത്രം ഉപയോഗിക്കാൻ കഴിയുന്ന ബ്ലോക്ക്ചെയിനിൽ അധിഷ്ഠിതമായ പാസുകൾ, അനിയന്ത്രിതമായ തിരക്ക് മുൻകൂട്ടി കണ്ട് ഒഴിവാക്കാൻ ഹീറ്റ് മാപ് ജനറേഷൻ, ആൾക്കൂട്ടത്തിൽ നിന്ന് കുറ്റവാസനയുള്ളവരെ മുൻപേ തിരിച്ചറിയാൻ ബിഹേവിയറൽ പാറ്റേൺ റെക്കഗ്നിഷൻ, എ ഐ അധിഷ്ഠിത സിസിടിവി ക്യാമറകൾ, സുരക്ഷയൊരുക്കാൻ ഡ്രോൺ സംവിധാനം എന്നിങ്ങനെ ശബരിമലയിൽ തിരക്ക് നിയന്ത്രിക്കാനും സുരക്ഷയൊരുക്കാനും നടപ്പാക്കേണ്ട ഭാവി സുരക്ഷാ പദ്ധതികൾ അദ്ദേഹം വിശദീകരിച്ചു.

നെയ്യഭിഷേകത്തിന് അനുഭവപ്പെടുന്ന തിരക്ക് ഒഴിവാക്കാൻ നടപടികൾ ത്വരിതപ്പെടുത്തണമെന്നും പൊൻകുഴി, പമ്പ, വണ്ടിപെരിയാർ വഴിയുള്ള തീർത്ഥാടകരുടെ സന്നിധാനത്തേക്കുള്ള യാത്ര കൂടുതൽ സുഗമമാക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്നും നിർദേശമുയർന്നു.

ബഹുഭാഷ സഹായികളായ എ ഐ ചാറ്റ് ബോട്ടുകൾ തീർത്ഥാടകർക്ക് അവരുടെ മാതൃഭാഷയിൽ മറുപടി നൽകാൻ സഹായിക്കുമെന്നു തുടർന്ന് സംസാരിച്ച പാനലിസ്റ്റായ തിരുവനന്തപുരം റേഞ്ച് ഡി.ഐ.ജി അജിത ബീഗം അഭിപ്രായപെട്ടു. നിലനിൽക്കുന്ന നിയമ-പാരിസ്ഥിതിക നിയന്ത്രണങ്ങൾക്കുള്ളിൽ നിന്ന് വാഹന പാർക്കിംഗ് സംവിധാനം മെച്ചപ്പെടുത്തുമെന്നും അവർ കൂട്ടിച്ചേർത്തു.

വിർച്വൽ ബുക്കിങ്ങിനു മെഡിക്കൽ സർട്ടിഫിക്കറ്റ് നിർബന്ധമാക്കണമെന്ന് പാനലിസ്റ്റായ ആലപ്പുഴ ടി ഡി മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ ഡോ ബി പദ്മകുമാർ. സന്നിധാനത്ത് എത്തുന്ന തീർത്ഥാടകർക്ക് ആരോഗ്യ പ്രശ്നങ്ങൾ

പരിഹരിക്കാനും അടിയന്തിര ചികിത്സ സൗകര്യം ലഭ്യമാക്കാനും നിരവധി പദ്ധതികൾ സർക്കാർ നടപ്പാക്കി. നിലക്കൽ, എരുമേലി എന്നിവിടങ്ങളിൽ മികച്ച ആശുപത്രികൾ പ്രവർത്തിക്കുന്നു. ശബരിമല പ്രദേശത്തെ പ്രധാന ആശുപത്രിയായി കോന്നി മെഡിക്കൽ കോളേജ് വികസിക്കും. കാർഡിയാക്ക് സ്റ്റേഷൻ, മൾട്ടി സ്പെഷ്യലിറ്റി വാർഡുകൾ എന്നിവ ആശുപത്രിയിൽ ഒരുക്കണം. ആശുപത്രിയിലേക്കുള്ള ദൂരം കുറയ്ക്കാൻ സീതത്തോട് വഴിയുള്ള കാനനപാത വികസിപ്പിക്കണം. അടിയന്തിര ചികിത്സ സംവിധാനങ്ങൾ ത്വരിതപെടുത്താൻ എയർലിഫ്റ്റിംഗ്, ഹെലിപാട് സൗകര്യങ്ങൾ ഏർപ്പെടുത്തണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ദക്ഷിണ മേഖല ഐ. ജി ശ്യാം സുന്ദർ, തിരുവിതാംകൂർ ദേവസ്വം ബോർഡ് അംഗം സന്തോഷ്, ദേവസ്വം ഡെപ്യൂട്ടി കമ്മീഷണർ മുരളീധരൻ പിള്ള, അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ സൈനുരാജ്, ദേവസ്വം വകുപ്പ് ഉദ്യോഗസ്ഥർ, തീർത്ഥാടകർ, വിവിധ സംഘടനാ പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.

## സമഗ്രമായ ശബരിമല ആത്മീയ ടൂറിസം തീർത്ഥാടന പദ്ധതി നടപ്പിലാക്കണം: ആത്മീയ ടൂറിസം സർക്യൂട്ട് ചർച്ച

ശബരിമല തീർത്ഥാടനവുമായി ബന്ധപെട്ട വിവിധ മത തീർത്ഥാടന കേന്ദ്രങ്ങളെ ഉൾപ്പെടുത്തി സമഗ്രമായ ശബരിമല ആത്മീയ ടൂറിസം തീർത്ഥാടന പദ്ധതി നടപ്പിലാക്കാൻ ആഗോള അയ്യപ്പ സംഗമത്തിലെ ആത്മീയ

ടൂറിസം സർക്യൂട്ട് എന്ന വിഷയത്തിൽ നടന്ന ചർച്ചയിൽ ആവശ്യമുയർന്നു.

നിലവിലെ അടിസ്ഥാന സൗകര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്തി

ശബരിമലയെ ആത്മീയ ടൂറിസം കേന്ദ്രമാക്കി മാറ്റി ഭക്തർക്ക് സുഖമമായ ദർശനം ഉറപ്പാക്കാനുള്ള നടപടി സ്വീകരിക്കണം.

ചർച്ചയിൽ ഉയർന്ന നിർദേശങ്ങൾ സംസ്ഥാന സർക്കാരിനും ദേവസ്വം ബോർഡിനും നൽകുമെന്ന്

പ്രധാനമന്ത്രിയുടെ മുൻ പ്രിൻസിപ്പൽ സെക്രട്ടറിയും ചർച്ചയിലെ മോഡറേറ്ററുമായ ടി കെ എ നായർ പറഞ്ഞു.

കേരള ടൂറിസം സെക്രട്ടറി കെ ബിജു, കേരള ട്രാവൽ മാർട്ട് സെക്രട്ടറി എസ് സ്വാമിനാഥൻ, ധനലക്ഷ്മി ബാങ്ക് ചെയർമാൻ കെ എൻ മധുസൂദനൻ എന്നിവരായിരുന്നു പാനലിസ്റ്റുകൾ.

ആത്മീയ ടൂറിസം സർക്യൂട്ടിന്റെ ഭാഗമായി ശബരിമലയെ ഉയർത്തിയാൽ പ്രാദേശികമായി ഇത് നിരവധി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് വഴിയൊരുക്കുമെന്ന് ടൂറിസം സെക്രട്ടറി കെ ബിജു പറഞ്ഞു.

ഉത്തരവാദിത്ത ടൂറിസത്തിന്റെ ഭാഗമായി പ്രദേശവാസികൾക്ക് ഹോം സ്റ്റേകൾ തയ്യാറാക്കിയും തീർത്ഥാടകർക്കായി

ഗൈഡുകളായി പ്രവർത്തിച്ചും വരുമാനം നേടാൻ സാധിക്കും. തീർത്ഥാടകർക്ക് മെച്ചപ്പെട്ട സൗകര്യങ്ങൾ ഉറപ്പുവരുത്താൻ കൂടുതൽ ഹരിത-പരിസ്ഥിതി സൗഹൃദ പദ്ധതികളും ശബരിമലയിൽ നടപ്പിലാക്കണം. നാഷണൽ ഹൈവേ ലോജിസ്റ്റിക്സ് മാനേജ്മെന്റ് ലിമിറ്റഡിന്റെ സഹായത്തോടെ തീർഥാടകർക്കായി റോപ് വേ പദ്ധതി നടപ്പിലാക്കാനുള്ള സാധ്യതകൾ പരിശോധിക്കാവുന്നതാണെന്നും അദ്ദേഹം പറഞ്ഞു.

ശബരിമലയിലെ തീർത്ഥാടകർക്കായുള്ള വികസന പദ്ധതികൾ

സമയബന്ധിതമായി നടപ്പിലാക്കാൻ വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ തമ്മിൽ ഏകോപനവും സഹകരണവും ഉണ്ടാകണം എന്ന് ധനലക്ഷ്മി ബാങ്ക് ചെയർമാൻ കെ എൻ മധുസൂദനൻ പറഞ്ഞു. വിവിധ സംസ്ഥാനങ്ങളിലെ തീർത്ഥാടകർ കൂടുതലായി കേരളത്തിലേക്ക് എത്തുമ്പോൾ

ഗവൺമെൻറ് അംഗീകാരമുള്ള വെജിറ്റേറിയൻ റസ്റ്റോറന്റുകൾ കൂടുതലായി കേരളത്തിൽ വേണം--അദ്ദേഹം പറഞ്ഞു.

പരിസ്ഥിതിക്ക് കോട്ടം വരാത്ത രീതിയിൽ നല്ല സൗകര്യങ്ങൾ തീർത്ഥാടകർക്ക് ഉറപ്പാക്കണം. ശബരിമലയുമായി ബന്ധപ്പെട്ടുള്ള തീർത്ഥാടക കേന്ദ്രങ്ങളെയും, സംസ്ഥാനത്തെ സാംസ്കാരിക കേന്ദ്രങ്ങളും, ഇക്കോ ടൂറിസം കേന്ദ്രങ്ങളും ബന്ധപ്പെടുത്തി ഒരു തീർത്ഥാടന ടൂറിസം സർക്യൂട്ട് നടപ്പിലാക്കണമെന്ന്

കേരള ട്രാവൽ മാർട്ട് സെക്രട്ടറി എസ് സ്വാമിനാഥൻ ചർച്ചയിൽ ആവശ്യപ്പെട്ടു.

ഇന്ത്യയിലെയും കേരളത്തിലെയുംയുവതലമുറയ്ക്ക് ശബരിമലയെ കൂടുതൽ അറിയുന്നതിനും ഇതിന്റെ മഹത്വം മനസ്സിലാക്കുന്നതിനും നവമാധ്യമങ്ങളിലൂടെ അവസരങ്ങൾ ഒരുക്കണം. ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലെ

ജനങ്ങളിലേക്ക്ശബരിമലയുടെ പ്രാധാന്യം എത്തിക്കുന്നതിന് വിവിധ പദ്ധതികൾ നടപ്പിലാക്കണം.

നിർമ്മിത ബുദ്ധിയുടെ സഹായത്താൽ ക്യൂ, പാർക്കിംഗ്, തിരക്ക് എന്നിവ നിയന്ത്രിക്കുന്നതിനുള്ള സംവിധാനം നടപ്പിലാക്കണം.

ഇനിയുള്ള വർഷങ്ങളിൽ കൂടുതൽ തീർത്ഥാടകർ എത്തുന്നതിനാൽ ഗതാഗത സൗകര്യങ്ങളും ശുചിത്വ സംവിധാനങ്ങളും വിപുലമായ രീതിയിൽ നടപ്പിലാക്കണം ഇങ്ങനെയുള്ള വിവിധ അഭിപ്രായങ്ങളും നിർദ്ദേശങ്ങളുമാണ്ചർച്ചയിൽ ഉയർന്നത്.

ആഗോള അയ്യപ്പ സംഗമത്തിന്റെ ഭാഗമായി സംഘടിപ്പിച്ച ചർച്ചകൾക്ക് മികച്ച പ്രതികരണമാണ് ലഭിച്ചതെന്നും ഉയർന്നുവന്ന ആവശ്യങ്ങളും നിർദ്ദേശങ്ങളും സംസ്ഥാന സർക്കാരിന് കൈമാറുമെന്നും ചർച്ചകൾക്ക് മികച്ച അനന്തര ഫലമുണ്ടാകുമെന്നും

തിരുവിതാംകൂർ ദേവസ്വം ബോർഡ് അംഗം എ.അജികുമാർ ചർച്ചയിൽ പറഞ്ഞു.

## ആഗോള അയ്യപ്പ സംഗമം

- **ശ്രദ്ധേയമായി ശബരിമല മാസ്റ്റർ പ്ലാൻ ചർച്ച**

ആഗോള അയ്യപ്പ സംഗമത്തോടനുബന്ധിച്ച് പ്രധാന വേദിയായ തത്ത്വമസിയിൽ സംഘടിപ്പിച്ച ശബരിമല മാസ്റ്റർ പ്ലാൻ ചർച്ച പങ്കാളിത്തം കൊണ്ട് ശ്രദ്ധേയമായി. പങ്കെടുത്ത പ്രതിനിധികൾ ഒന്നടക്കം ശബരിമലയുടെ വികസനത്തിന് അകമഴിഞ്ഞ പിന്തുണ വാഗ്ദാനം ചെയ്തു. ആഗോള അയ്യപ്പ സംഗമത്തോടനുബന്ധിച്ച് മൂന്ന് വേദികളിലായി സംഘടിപ്പിച്ച ചർച്ചയിൽ ഏറെ പ്രാധാന്യം അർഹിക്കുന്നതായിരുന്നു ശബരിമലയുടെ വികസനത്തിലൂന്നിയുള്ള മാസ്റ്റർ പ്ലാൻ.

ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ച്ചർ ആന്റ് കൺസ്ട്രക്ഷൻ ഡയറക്ടർ പ്രൊഫ. ബി സുനിൽ കുമാർ മോഡറേറ്ററായി. ശബരിമല മാസ്റ്റർ പ്ലാനിന്റെ പ്രാധാന്യം അദ്ദേഹം വിശദീകരിച്ചു. മുൻ ചീഫ് സെക്രട്ടറി കെ. ജയകുമാർ മുഖ്യപ്രഭാഷകനായി. ശബരിമലയിലെത്തുന്ന ഭക്തരെയും പരിഗണിച്ച് പരിസ്ഥിതി സൗഹൃദമായ വികസനമാണ് മാസ്റ്റർ പ്ലാനിലൂടെ ലക്ഷ്യമെന്ന് അദ്ദേഹം വിശദീകരിച്ചു. കെട്ടിടനിർമാണമല്ല ഇതിലൂടെ ചെയ്യുന്നത്. ഭക്തരുടെ അഭിപ്രായങ്ങൾക്ക് ഊന്നൽ നൽകി പരിസ്ഥിതിക്ക് ദോഷമാകാത്ത രീതിയിൽ ആചാരഅനുഷ്ഠാനങ്ങൾ പാലിച്ച വികസനമാണ് മാസ്റ്റർ പ്ലാനിലുള്ളത്.

പെരിയാർ ടൈഗർ റിസർവിലും ബഫർ സോണിലും ഉൾപ്പെട്ട ക്ഷേത്രത്തിന്റെ വികസനം കരുതലോടെയാണ് വേണ്ടത്. ഓരോ വർഷവും തീർത്ഥാടകരുടെ എണ്ണത്തിൽ വൻ വർധനവാണ്. ആകെ 70 ഏക്കറിൽ വ്യാപിച്ചിരിക്കുന്ന ക്ഷേത്രത്തിൽ രണ്ടു മാസം കൊണ്ട് മാത്രം എത്തുന്ന ഭക്തർ ലക്ഷങ്ങളാണ്.

തീർത്ഥാടനം എത്രത്തോളം മെച്ചമാകും എന്നതിനാണ് ഊന്നൽ. മാസ്റ്റർ പ്ലാനില്ലാതെ ശബരിമലയുടെ വികസനം സാധ്യമല്ല. മാസ്റ്റർ പ്ലാനിന്റെ ആവശ്യകത ബോധ്യപ്പെടണം. 2006 ൽ രൂപീകരിച്ച മാസ്റ്റർ പ്ലാൻ തൊട്ടടുത്ത വർഷം സർക്കാർ അംഗീകരിച്ചു. മേൽനോട്ടത്തിന് ഹൈക്കോടതി നിർദേശ പ്രകാരം ഉന്നതാധികാര സമിതിയും രൂപീകരിച്ചു. 2010 വരെയുള്ള വികസനമാണ് മുന്നിൽ കാണുന്നത്. പണം സ്വരൂപിക്കാനായി ട്രസ്റ്റ് ബോർഡും രൂപീകൃതമായിരുന്നു.

ആഗോള സംഗമത്തിൽ പങ്കെടുത്ത പ്രതിനിധികൾക്കെല്ലാം മാസ്റ്റർ പ്ലാനിനെ കുറിച്ചുള്ള ചോദ്യവലി അയച്ചു കൊടുക്കും. ലോകമെങ്ങുമെങ്ങുമുള്ള അയ്യപ്പ ഭക്തർക്ക് sabarimalamasterplan.hpc@gmail.com, tdbcer@gmail.com, eesabarimala@gmail.com എന്ന മെയിലുകളിലൂടെ അഭിപ്രായം പങ്കുവയ്ക്കാം. കാനന വാസനായ അയ്യനെ കാണാനാണ് ഭക്തർ വരുന്നതെന്ന ബോധ്യത്തോടെയാണ് മാസ്റ്റർ പ്ലാൻ മുന്നോട്ട് പോകുന്നതെന്നും അദ്ദേഹം കൂട്ടി ച്ചേർത്തു.

ചർച്ചയിൽ ഉരുത്തിരിഞ്ഞ ആശയങ്ങളെല്ലാം പരിശോധിക്കുമെന്ന് മോഡറേറ്റർ ബി സുനിൽ കുമാർ വ്യക്തമാക്കി എൻ ആർ ഐ കമ്മീഷൻ അംഗം മാത്യൂസ് കെ ലൂക്കോസ്, തിരുവനന്തപുരം കൊളജ് ഓഫ് എഞ്ചിനീയറിംഗിലെ പ്രിൻസിപ്പൽ കെ സുരേഷ്, പ്രൊഫ. ബെജൻ എസ് കോത്താരി, പ്രിയഞ്ജലി പ്രഭാകരൻ, ഷൈലജ നായർ, റിട്ടയേർഡ് പ്രൊഫസർ

സുനിൽ എഡ്വേർഡ്, ദേവസ്വം ബോർഡ് കമ്മീഷണർ ബി. സുനിൽകുമാർ, ചീഫ് എഞ്ചിനീയർ രഞ്ജിത്ത് ശേഖർ എന്നിവർ പാനലിസ്റ്റുകളായി